## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5406 — 28. 07.2015-ൽ മറുപടിക്ക്

# നഗരസഭാ പരിധിയിലുള്ള തെരുവുകച്ചവടക്കാരുടെ പുനരധിവാസം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.വി.ശ്രേയാംസ് കുമാർ<br>,, റോഷി അഗസ്റ്റിൻ<br>ഡോ.എൻ.ജയരാജ് | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും)<br>വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ മുനിസിപ്പാലിറ്റികളുടെയും കോർപ്പറേഷനുകളുടെയും പരിധിയിലുള്ള തെരുവുകച്ചവടക്കാരെ പുനരധിവസിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) തീരുമാനിച്ചിട്ടുണ്ട്. വഴിയോര കച്ചവടക്കാരെ സംബന്ധിച്ച് ഭാരത സർക്കാർ സ്വീകരിച്ച ദേശീയ നയത്തിന നുസൃതമായി അതാത് സംസ്ഥാനങ്ങൾക്ക് അനുയോജ്യമായ രീതിയിൽ വഴിയോര കച്ചവടക്കാർക്ക് വേണ്ടി നിയമനിർമ്മാണ മടക്കമുള്ള നടപടികൾ സ്വീകരിക്കുവാൻ കേന്ദ്രസർക്കാർ എല്ലാ സംസ്ഥാനങ്ങൾക്കും നിർദ്ദേശം നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഇതു സംബന്ധിച്ച പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും നടപ്പിലാക്കുന്നതിനുമായി നഗരകാര്യ ഡയറക്ടറെ നോഡൽ ഓഫീസറായി നിശ്ചയിക്കുകയും വഴിയോര കച്ചവടക്കാർക്ക് വേണ്ടി സംസ്ഥാനത്ത് ഒരു കരട് നയം തയ്യാറാക്കുന്നതിനായി കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ കൺവീനറായി ഒരു കമ്മിറ്റിയെ നിയമിക്കുകയും പ്രസ്തുത കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ സർക്കാർ ഒരു കരട് ബിൽ തയ്യാറാക്കുകയും ആയതു പ്രകാരം നിയമ നിർമ്മാണം സംബന്ധിച്ച് മുന്നോട്ട് പോകവെ കേന്ദ്ര സർക്കാർ The Street Vendors (Protection of Livelihood and Regulation of Street Vending) Act, 2014 എന്ന പേരിൽ ഒരു നിയമം പാസാക്കി മാർച്ച് 2014 -ൽ പ്രസിദ്ധപ്പെടുത്തി. 2014 മെയ് 1 മുതൽ പ്രാബല്യത്തിൽ വന്ന ഈ നിയമം എല്ലാ സംസ്ഥാനങ്ങൾക്കും ബാധകമായ സാഹചര്യത്തിൽ കേന്ദ്ര നിയമത്തിന് അനുസൃതമായി ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണ്. ഇതോടൊപ്പം തന്നെ എല്ലാ നഗരസഭകളിലും Street Vending Committee കൾക്ക് രൂപം നൽകുകയും തെരുവ് വാണിഭത്തിനായി സ്ഥലം കണ്ടെത്തി നീക്കി വെയ്ക്കുന്നതിനുള്ള ജോലികൾ നടന്ന് വരികയും ചെയ്യുന്നുണ്ട്. |

(ബി) ഇതിനായി എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത കച്ചവടക്കാരെ പുനരധിവസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(ബി) & (സി) **ദേശീയ നഗരഉപജീവന മിഷൻ (എൻ.യു. എൽ.എം) എന്ന പദ്ധതിയുടെ കീഴിൽതെരുവ് കച്ചവടക്കാരെ പുനരധിവസിപ്പിക്കുന്നതിന് ആവശ്യമായ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. കെ.എസ്.യു.ഡി.പി മുഖേന താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്.**

**തിരുവനന്തപുരം**

1. ആകർഷകമായ സ്ട്രീറ്റ് വെൻഡിംഗ് കാർട്ടുകൾ (ഉന്തുവണ്ടി) നൽകി പുനരധിവസിപ്പിക്കുക
2. നഗരത്തിലെ വഴിയോരകച്ചവടക്കാരുടെ സർവ്വേ നടത്തി ഓരോ പ്രദേശത്തിലെയും എണ്ണം തിട്ടപ്പെടുത്തുക

നഗരസഭയിൽ വഴിയോരകച്ചവടക്കാരുടെ രജിസ്ട്രേഷൻ പ്രക്രിയ നടത്തുകയും അവർക്ക് തിരിച്ചറിയൽ കാർഡുകൾ നൽകുകയും ചെയ്യുന്നു.

**കൊല്ലം**

വഴിവാണിഭക്കാരെ പുനരധിവസിപ്പിക്കാൻ പദ്ധതികളൊന്നും കെ.എസ്.യു.ഡി.പി. കൊല്ലം പി.ഐ.യു. ആവിഷ്കരിച്ചിട്ടില്ല. ചിന്നക്കട അടിപ്പാത പ്രോജക്ടുമായി ബന്ധപ്പെട്ട് 26 കടക്കാരുടെ റീസെറ്റിൽമെന്റ് പദ്ധതി മാത്രമേ ആവിഷ്കരിച്ചിട്ടുള്ളൂ.

**കൊച്ചി**

കൊച്ചി നഗരസഭ ആരോഗ്യ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ നഗരസഭാതിർത്തിയിൽ ഭക്ഷണ വില്പന നടത്തുന്ന 50 തട്ടുകടക്കാരെയാണ് പദ്ധതിയിലേക്ക് തെരഞ്ഞെടുത്തിട്ടുള്ളത്. തെരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് ആവശ്യമായ പരിശീലനം ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് കളമശ്ശേരി വഴി നൽകിയിട്ടുള്ളതാണ്. പദ്ധതിക്ക് ആവശ്യമായ ബാങ്ക് ലോൺ ആയി 1 കോടി രൂപ സിൻഡിക്കേറ്റ് ബാങ്ക് നൽകിയിട്ടുണ്ട്. ഒരു ഗുണഭോക്താവിന് 2 ലക്ഷം രൂപ പ്രോജക്ട് തുകയും , ഇതിൽ 25% തുകയായ 50,000/ രൂപ സബ്സിഡി ഇനത്തിൽ നഗരസഭ, കെ.എസ്.യു.ഡി.പി യിലൂടെ ലഭ്യമാക്കിയിട്ടുള്ളതുമാണ്. 5% തുക ഗുണഭോക്താവിന്റെ വിഹിതവും 70% തുകയായ

1,40,000 രൂപ ബാങ്ക് ലോൺ ആയും പദ്ധതി തയ്യാറാക്കിയിട്ടുള്ളതാണ്. പദ്ധതിയുടെ ഭാഗമായി ഗുണഭോക്താക്കൾക്ക് ആധുനിക തട്ടുകട, യൂണിഫോം എന്നിവ കെ.എസ്.യു.ഡി.പി പോവർട്ടി സോഷ്യൽ ഫണ്ടിലൂടെ പദ്ധതിക്ക് നടപ്പാക്കിയിട്ടുള്ളതാണ്. കച്ചവടക്കാർക്ക് ആവശ്യമായ ഫുഡ് ആന്റ് സേഫ്റ്റി ഡിപ്പാർട്ട്മെന്റിന്റെ ലൈസൻസ് നഗരസഭ വഴി ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ അംഗങ്ങൾക്ക് ഹെൽത്ത് കാർഡ്, രജിസ്ട്രേഷൻ എന്നിവയും ലഭ്യമാക്കിയിട്ടുണ്ട്.

**തൃശ്ശൂർ**

04.03.2014 ന് ബഹു. തൃശ്ശൂർകോർപ്പറേഷൻ മേയറുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കൗൺസിൽ തീരുമാനം നം. 6 പ്രകാരം വഴിവാണിഭക്കാരെ പുനരധിവസിപ്പിക്കുന്നതിനായി കെ.എസ്.യു.ഡി.പിയുടെ ദാരിദ്ര്യ ലഘൂകരണ പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു ഷെഡ് നിർമ്മിയ്ക്കാൻ തീരുമാനിക്കുകയും ഇതിനായി 60 ലക്ഷം രൂപ കെ.എസ്.യു.ഡി.പി ചിലവഴിക്കുകയും ചെയ്തു. 23.03.2015 ന് ഈ പദ്ധതി പൂർത്തീകരിച്ചു.

**കോഴിക്കോട്**

തെരുവിൽ കച്ചവടം ചെയ്യുന്നവർക്ക് പ്രത്യേകം ഡിസൈൻ ചെയ്ത വണ്ടിയും സാധന സാമഗ്രികളും വാങ്ങുന്നതിന് സഹായിക്കുന്ന പദ്ധതി കെ.എസ്.യു.ഡി.പിയുടെ കീഴിൽ കോഴിക്കോട് കോർപ്പറേഷനിൽ നടപ്പിലാക്കുന്നുണ്ട്. എസ്.ജെ.എസ്.ആർ.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി ബാങ്കുകളിൽ നിന്നു വായ്പ ലഭ്യമാക്കിയാണ് പദ്ധതി നടപ്പിൽ വരുത്തുന്നത്. 70% ബാങ്ക് വായ്പയും 5% ഗുണഭോക്തൃവിഹിതവും, 25% കെ.എസ്.യു.ഡി.പി വഴിയുള്ള സബ്സിഡിയുമാണ്. കെ.എസ്.യു.ഡി.പിയുടെ പോവർട്ടി സോഷ്യൽ ഫണ്ടിൽ ഇതിനായി 10,00,000/- രൂപ നീക്കിവച്ചിട്ടുണ്ട്. ക്ഷേമകാര്യ സമിതി തിരഞ്ഞെടുത്തതും, എല്ലാ മാനദണ്ഡങ്ങളും പാലിക്കുന്നതുമായ 16 പേരെ തിരഞ്ഞെടുത്തിട്ടുണ്ട്. കോഴിക്കോട് കോർപ്പറേഷൻ ക്ഷേമകാര്യ സമിതി അംഗീകരിച്ച അപേക്ഷകൾക്ക്

11.9.2011 ൽ ചേർന്ന കൗൺസിൽ അംഗീകാരം നൽകുകയും ചെയ്തു. കേരള സർക്കാർ സ്ഥാപനമായ The metal Industries, Shornur ആണ് മൊബൈൽ ഫുഡ് കാർട്ട് സപ്ലൈ ചെയ്തത്. നിലവിൽ 3 വണ്ടികൾ വിതരണം ചെയ്തു കഴിഞ്ഞു. 4 വണ്ടികൾ ജൂലൈ മാസത്തിൽ വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 9 വണ്ടികൾ ലോൺ പാസ്സാക്കുന്ന മുറയ്ക്ക് വിതരണം ചെയ്യാൻ കഴിയുന്നതാണ്.

സെക്ഷൻ ഓഫീസർ